# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4135 18/10/2011 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗക്കാർക്കുള്ള ധനസഹായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ, വിധവകൾ, അപകടമരണം സംഭവിച്ചവരുടെയും ആത്മഹത്യ ചെയ്തവരുടെയും ആശ്രിതർ, മിശ്രവിവാഹിതർ, മാരകരോഗം ബാധിച്ചവർ, വികലാംഗർ എന്നിവർക്ക് എന്തെല്ലാം ധനസഹായ പദ്ധതികളാണ് നിലവിലുള്ളത്; | (എ) | നഴ്സറിതലം മുതൽ പിജി/പ്രൊഫഷണൽ തലംവരെ പഠിയ്ക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് എല്ലാവിധ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചു വരുന്നു. കൂടാതെ പട്ടികജാതിയിൽപ്പെട്ട മിശ്രവിവാഹിതർക്ക് 50,000/- രൂപ മിശ്രവിവാഹ ധനസഹായവും മാരകരോഗം ബാധിച്ചവർക്ക് രോഗതീവ്രതയനുസരിച്ച് പരമാവധി 25,000 രൂപ വരെ ചികിത്സാധനസഹായവും നൽകി വരുന്നു.<br>എന്നാൽ വിധവകൾ, അപകടമരണം സംഭവിച്ചവരുടേയും ആത്മഹത്യ ചെയ്തവരുടേയും ആശ്രിതർ, വികലാംഗർ, എന്നിവർക്ക് ധനസഹായം അനുവദിയ്ക്കുന്ന പദ്ധതികളൊന്നും തന്നെ വകുപ്പിൽ നിലവിൽ ഇല്ലെന്ന വിവരവും അറിയിക്കുന്നു. |
| (ബി) | ഓരോന്നിന്റെയും വിശദവിവരവും ബന്ധപ്പെട്ട ഉത്തരവുകളും ലഭ്യമാക്കുമോ; | (ബി) | വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, മിശ്രവിവാഹിതർക്കുള്ള ധനസഹായം, മാരക രോഗം ബാധിച്ചവർക്കുള്ള ധനസഹായം ഇവയുടെ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.<br>മിശ്രവിവാഹിതർക്കുള്ള ധനസഹായത്തിന് നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം അതാത് ബ്ലോക്ക് / |

| | | | |
|---|---|---|---|
| | | | മുൻസിപ്പാലിറ്റി /കോർപ്പറേഷനിലുള്ള പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ്. വരുമാന പരിധി 22,000 രൂപയും വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം മൂന്ന് വർഷത്തിനകം അപേക്ഷ സമർപ്പിക്കുകയും വേണം. കൂടാതെ മാരക രോഗം ബാധിച്ചവർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരമാവധി 25,000/- രൂപവരെ സാമ്പത്തിക സഹായം നൽകി വരുന്നു. 9,999/- രൂപ വരെയുള്ള ധനസഹായം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും 25,000/- രൂപ വരെ വകുപ്പ് മന്ത്രിയും അനുവദിക്കുന്നതാണ്. ഇതിന് ജാതി, വരുമാനം, ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ്, റവന്യൂ അധികാരിയുടെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്കോ, വകുപ്പ് മന്ത്രിയ്ക്കോ സമർപ്പിക്കാവുന്നതാണ്. (ബന്ധപ്പെട്ട ഉത്തരവുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.) |
| (സി) | പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ? | (സി) | പട്ടികജാതിയിൽപ്പെട്ട നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹത്തിനായി വകുപ്പ് ധനസഹായം നൽകി വരുന്നു. വാർഷിക വരുമാനം 22,000/- രൂപവരെയുള്ളവർക്ക് 20,000/- രൂപ ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്.